**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.217

28-11-2018 ൽ മറുപടിയ്ക്ക്

## കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
| --- | --- |
| **ഡോ. എൻ. ജയരാജ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) അസൗകര്യങ്ങൾ നിറഞ്ഞ കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുമോ; | എ) ഫയർസ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക്, ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ പുരോഗമിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് കണ്ടെത്തിയ ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് നം.17 ൽ സർവ്വേ നം.257 ൽ ഉൾപ്പെട്ട 17.68 ആർ ഭൂമിയുമായി ബന്ധപ്പെട്ട് പാലാ സബ് കോടതിയിൽ AS No.37/18 നമ്പർ കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്ലോട്ടിൽ, കേസിൽ ഉൾപ്പെടാത്ത ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിനായി കാഞ്ഞിരപ്പള്ളി തഹസീൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ